(ഡി) തമിഴ് നാട്ടിൽ നൽകുന്ന പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലം പ്രൊബേഷന്റെ ഭാഗമായി എടുക്കുന്നുണ്ട്. ആന്ധ്രാപ്രദേശത്ത് തൃപ്തികരമായി റെയിഞ്ചേഴ്സ് കോഴ്സ് കഴിഞ്ഞതിനുശേഷം അവരെ റെയിഞ്ചറായി നിയമിക്കുകയും, ആദ്യത്തെ ഒരു വർഷക്കാലത്തേക്ക് റെയിഞ്ചർമാരുടെ അസിസ്റ്റന്റായി നിശ്ചയിക്കുന്നതും ആണ്. ഈ ഒരു വർഷക്കാലയളവ് പ്രൊബേഷനായി കണക്കാക്കുന്നതാണ്.

(ഇ) ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ പ്രൊബേഷൻ വേണമെന്നു നിശ്ചയിച്ചിട്ടുള്ളത് ഒരു വർഷമായി കുറയ്ക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അത് ആവശ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. ജി. പി. മംഗലത്തുമഠം: ഡെപ്യൂട്ടി കളക്റ്റർമാർക്ക് ഐ. എ.എസ്. കൊടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം ഇവരുടെ പ്രൊമോഷന്റെ കാര്യത്തിൽകൂടി ബാധകമാക്കുവാൻ ശ്രമിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇങ്ങനെയൊരു ചോദ്യം ചോദിച്ചാൽ ഉടനെ മറുപടി പറയാൻ പ്രയാസമുണ്ട്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആളുകളെ തിരഞ്ഞെടുത്ത് കഴിഞ്ഞാൽ സർക്കാർ അതിന്റെ അടിസ്ഥാനത്തിൽ നിയമന ആർഡർ കൊടുത്താൽ സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കേണ്ടതല്ലേ? അങ്ങനെ കണക്കാക്കുകയാണെങ്കിൽ പ്രാക്റ്റിക്കൽ പീരീഡിന്റെ കാലവുംകൂടി പ്രൊബേഷണൽ പീരീഡായി കണക്കാക്കാവുന്നതല്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതും ഒരു വാദമുഖമാണ്, അതുകൊണ്ടാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്.

മിനി സിമന്റ് ഫാക്റ്ററികൾ

*347 [366] ശ്രീ. സി. വാസുദേവമേനോൻ:
ശ്രീ. പിണറായി വിജയൻ:
ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി സിമന്റ് ഫാക്റ്ററികൾ സ്ഥാപിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഫാക്റ്ററി എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ സിമന്റ് ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ എന്നേയ്ക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ പി. കെ. വാസുദേവൻ നായർ): (എ, ബി) ഇതുവരെ കിട്ടിയിട്ടുള്ള വിവരങ്ങൾവച്ച് നടത്തിയിട്ടുള്ള സർവ്വേ അനുസരിച്ചും മലബാറിലെ ചില പ്രദേശങ്ങളിലുള്ള കക്ക ഉപയോഗിച്ചും ഒരു മിനി സിമൻറു ഫാക്ടറി തുടങ്ങുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി കേരളാ സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. അസംസ്കൃതസാധനങ്ങളുടെ ലഭ്യതയെക്കുറിച്ച് ഒരു പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ സ്റ്റേറ്റ് മൈനിംഗ് ആൻറ് ജിയോളജി ഡിപ്പാർട്ടുമെൻറിനെയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയോടും ആവശ്യപ്പെട്ടിട്ടുണ്ട്. അനന്തര നടപടികൾക്കായി റിപ്പോർട്ടുകൾ പ്രതീക്ഷിക്കുന്നു. ഇതിനോടൊപ്പം വേണ്ട സാങ്കേതിക പരിജ്ഞാനത്തിന് ഉള്ള പഠനങ്ങളും നടക്കുന്നുണ്ട്.

(സി) വാളയാർ സിമൻറു ഫാക്ടറി ഉൽപ്പാദനം തുടങ്ങിയാൽ പോലും സംസ്ഥാനത്തിന് ആവശ്യമായ സിമൻറ് ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധ്യമാവുകയില്ല.

ശ്രീ. സി. വാസുദേവമേനോൻ: കേരളത്തിന് വൻകിട [വ്യവസായങ്ങളെക്കാൾ മിനി വ്യവസായമാണ് അനുയോജ്യമായിട്ടുള്ളതെന്ന് ഗവൺമെൻറ് പല പ്രാവശ്യം പ്രഖ്യാപിച്ചത് കണക്കിലെടുത്തുകൊണ്ട് വൻകിട സിമൻറ് ഫാക്ടറിക്ക് ആവശ്യമായിട്ടുള്ള ലൈം സ്റ്റോണും മറ്റും ഒരേ പ്രദേശത്തുനിന്നും ലഭ്യമാവുകയില്ലെന്ന് കണക്കിലെടുത്ത് അവിടവിടെ പ്രത്യേകമായിട്ട് മിനി സിമൻറ് ഫാക്ടറി സ്ഥാപിക്കുന്നത് കേരളത്തിൻെറ പരിതസ്ഥിതിക്ക് അനുയോജ്യമാവുകയില്ലേ? ഇവിടത്തെ സിമൻറ് ക്ഷാമം പരിഹരിക്കാൻ സാധിക്കുകയില്ലേ? അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: വലിയ ഫാക്ടറി സ്ഥാപിക്കണമെങ്കിലും മിനി ഫാക്ടറി സ്ഥാപിക്കണമെങ്കിലും പ്രത്യേകമായിട്ട് അതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ഉണ്ടായിരിക്കണം. കേരളത്തിൽ ഇതുവരെ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ വേണ്ടത്ര ഉള്ളത് വാളയാർ പ്രദേശത്താണ്. അതിൻെറ അടിസ്ഥാനത്തിലാണ് സാമാന്യം വലിയ ഒരു സിമൻറു ഫാക്ടറി സ്ഥാപിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതുവരെ നടത്തിയ അന്വേഷണത്തിൻെറ അടിസ്ഥാനത്തിൽ വടക്കേ മലബാറിൽ കക്കായുടെ നിക്ഷേപം ഉണ്ടെന്ന് അറിഞ്ഞു. അതിൻെറ അടിസ്ഥാനത്തിൽ ചെറിയ ഒരു സിമൻറ് ഫാക്ടറി സ്ഥാപിക്കാൻ കഴിയും. ബാക്കി അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വാസുദേവമേനോൻ: ഇതു സംബന്ധിച്ച് പൂർണ്ണമായ ജിയോളജിക്കൽ സർവ്വേ റിപ്പോർട്ട് ഗവൺമെൻറിൻെറ കയ്യിലുണ്ടോ? ഇല്ലെങ്കിൽ പൂർണ്ണമായ ജിയോളജിക്കൽ സർവ്വേ നടത്താനുള്ള ശ്രമം നടത്തുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സ്റ്റേറ്റ് മൈനിംഗ് ആൻറ് ജിയോളജി ഡിപ്പാർട്ടുമെൻറിനോടും ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയോടും സമഗ്രമായ ഒരു സർവ്വേ നടത്താൻ പറഞ്ഞിട്ടുണ്ട്. അവർ സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: നമ്മുടെ സംസ്ഥാനത്ത് ഒരു വർഷം എത്ര സിമൻറാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോഴും തന്നെ പത്തു ലക്ഷം ടൺ സിമൻറ് ആവശ്യമുണ്ട്.

ശ്രീ. പിണറായി വിജയൻ: പത്തു ലക്ഷം ടൺ സിമൻറിൽ ഒരു വർഷം എത്ര ടൺ സിമൻറ് വിതരണം നടത്താൻ കഴിയുന്നുണ്ട്?

ശ്രീ. പി. കെ. വാസുദേവൻ നായർ: പലപ്പോഴും നമുക്ക് ആറു ലക്ഷത്തിനും ഏഴു ലക്ഷത്തിനും ഇടയ്ക്കാണ് സിമൻറ് അലോട്ടുമെൻറ് കിട്ടിക്കൊണ്ടിരിക്കുന്നത്. രണ്ടു മൂന്നു കൊല്ലത്തെ കണക്ക് പരിശോധിച്ചാൽ നമുക്കു കിട്ടിക്കൊണ്ടിരിക്കുന്നത് അത്ര മാത്രമാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: കഴിഞ്ഞ തവണയും മുഖ്യമന്ത്രി പേര് പറയാതെ പറഞ്ഞ സ്ഥലം പയ്യന്നൂരാണ്. സിമൻറ് ഫാക്ടറിക്ക് ആവശ്യമായ കക്ക കണ്ടു പിടിക്കുന്നുവെന്ന് പറഞ്ഞു. 600 പേരെ പട്ടിണി കിടത്തിയിട്ട് ആറുകൊല്ലമായി. ഫാക്ടറി വരുന്നു ഫാക്ടറി വരുന്നു എന്ന് പുലി വരുന്നുവെന്ന് പറയുന്നതു പോലെ പറഞ്ഞുകൊണ്ടിരിക്കുന്നു. വൈറ്റ് സിമൻറ് ഫാക്ടറി ഉണ്ടാക്കാൻ വേണ്ടി സർവ്വേ റിപ്പോർട്ട് ജിയോളജി ഡിപ്പാർട്ടുമെൻറ് നാലുകൊല്ലംമുമ്പ് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം നടത്തി വരുന്നുവെന്നാണ് പറഞ്ഞത്. ഇതിനുമുമ്പ് ഒരു ചോദ്യത്തിന് പതിമൂന്നു ലക്ഷത്തി മുപ്പതിനായിരം ടൺ കക്കാ ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഒന്നുകിൽ സിമൻറ് ഫാക്ടറി ഉണ്ടാക്കണം അല്ലെങ്കിൽ അറുന്നൂറ് കുടുംബങ്ങളെ രക്ഷിക്കുന്നതിനുവേണ്ട കക്ക കൈകൊണ്ടു വാരാൻ അനുവദിക്കണം.

ശ്രീ. പി. കെ. വാസുദേവൻ നായർ: മെമ്പറും ഞാനും പറഞ്ഞതിൽ ഒരു വൈരുദ്ധ്യവുമില്ല. പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്. ഇത്രമാത്രം ഉണ്ടെന്നേ തെളിഞ്ഞിട്ടില്ല. പൂർണ്ണമായ സർവ്വേ നടത്തണം. അതാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. ഫാക്ടറി എത്രയും വേഗം സ്ഥാപിക്കാം. അവിടത്തെ നാട്ടുകാർ കക്ക എടുത്ത് ജീവിച്ചിരുന്നു. അവരെ ബുദ്ധിമുട്ടിലാക്കാതിരിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ രാജ്യത്ത് ആവശ്യമുള്ളതിൽ നാലായിരത്തിൽ ചിലപ്പോൾ ടൺ സിമൻറ് കുറവ് ഉണ്ടെന്ന് പറഞ്ഞു. വാളയാറിലെ ഫാക്ടറിയിൽനിന്നും പുതിയതായി കണ്ണൂർ ജില്ലയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫാക്ടറിയിൽനിന്നും എത്ര ടൺ സിമൻറ് ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്? ഒന്നു രണ്ട് ചെറിയ ഫാക്ടറികൂടി കോഴിക്കോട്ടും മലപ്പുറത്തും സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ചുകൂടെ?

ശ്രീ. പി. കെ. വാസുദേവൻ നായർ: വാളയാറിന്റെ കപ്പാസിറ്റി നാലു ലക്ഷം ടൺ ആണ്. കക്കാ കൊണ്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്നത് വൈറ്റ് സിമൻറായിരിക്കും. നമ്മുടെ ആവശ്യത്തിന് കിട്ടി എന്ന് വരികയില്ല. നാലു ലക്ഷം ടൺ സിമൻറ് ഉൽപ്പാദനം നടത്തുമ്പോഴേക്കും നമ്മുടെ ആവശ്യം

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും മുന്നോട്ടു പോയിരിക്കും. സപ്ലൈ ആൻറ് ഡിമാൻറ് പൊസിഷൻ പ്രകാരം കേരളത്തെ സംബന്ധിച്ചിടത്തോളമുള്ള ഗ്യാപ്പ് ഉടനെ നികത്തപ്പെടുമെന്ന് തോന്നുന്നില്ല. ആവശ്യമായ അസംസ്കൃത സാധനങ്ങൾ ഈ സർവ്വേയുടെ ഫലമായി കിട്ടുകയാണെങ്കിൽ അതനുസരിച്ച് മിനി ഫാക്ടറി തുടങ്ങാവുന്നതാണ്.

ശ്രീ. വി. ജെ. ജോസഫ്: കൊഴിഞ്ഞാമ്പാറ പ്രദേശത്തും അട്ടപ്പാടി പ്രദേശത്തും പ്രത്യേകമായ ചുണ്ണാമ്പുകല്ല് ധാരാളം ഉണ്ട്. അവിടെ സിമൻറ് ഫാക്ടറി സ്ഥാപിക്കാൻ കഴിയുമെന്ന് ജിയോളജി ഡിപ്പാർട്ടുമെൻറിൻെറ നിർദ്ദേശമുള്ളതായി കേൾക്കുന്നു. അങ്ങനെയാണെങ്കിൽ പാലക്കാട് ജില്ലയിൽ നാലോ അഞ്ചോ ഭാഗത്ത് ഫാക്ടറി സ്ഥാപിക്കാൻ കഴിയും. പ്രത്യേകിച്ച് ചുണ്ണാമ്പു കല്ലിൽ നിന്ന് എടുക്കത്തക്ക വല്ല പദ്ധതിയും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ പറഞ്ഞ പ്രദേശങ്ങളിലെല്ലാം സമഗ്രമായ സർവ്വേ നടത്തുന്നുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: വാളയാറിൽ ആരംഭിക്കാൻ പോകുന്ന സിമൻറ് ഫാക്ടറിയ്ക്ക് ആവശ്യമായിട്ടുള്ള ചുണ്ണാമ്പുകല്ല് ആ പ്രദേശത്ത് ലഭ്യമാകുന്നില്ലെന്ന പ്രചരണം ചില തൽപ്പര കക്ഷികളും ആരംഭിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് പരിഹാരമായി ആ ഫാക്ടറി വളരെ വേഗത്തിൽ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ ഫാക്ടറിയുടെ പ്രവർത്തനം വളരെ വേഗത്തിൽ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. പ്രചരണത്തിനൊന്നും അടിസ്ഥാനമില്ല.

ശ്രീ. എം. വി. രാഘവൻ: മലബാർ പ്രദേശത്തുള്ള കക്ക ഉപയോഗിച്ച് സിമൻറ് ഫാക്ടറി തുടങ്ങുമെന്ന് പറഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു. അവിടത്തെ തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതാകുകയും ചെയ്തു. സിമൻറ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കെട്ടിടത്തിനാവശ്യമായ കുമ്മായം ഉൽപ്പാദിപ്പിക്കുന്നതിനാണ് കക്ക ഉപയോഗിക്കുന്നത്. തൊഴിലാളികൾക്കു പണിയുമില്ല കുമ്മായ ഉൽപ്പാദനവുമില്ല. ഫാക്ടറി തുടങ്ങാതിരിക്കുക, സർവ്വേ നടത്തിക്കൊണ്ടിരിക്കുക ഇത് തടയാൻ എന്തു നടപടിയാണ് ഗവൺമെൻറ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: എത്രയും പെട്ടെന്ന് ഫാക്ടറി സ്ഥാപിക്കാനാണെങ്കിൽ അതിനുള്ള നടപടി നടത്താൻ കാലതാമസം ഒഴിവാക്കാം.

ശ്രീ. എൻ. പി. മൊയ്തീൻ: കടലുണ്ടിയിൽ ഒരു മിനി സിമൻറു ഫാക്ടറി അടുത്തു തന്നെ സ്ഥാപിക്കാനിടയുണ്ടെന്ന് വ്യവസായ മന്ത്രിയുടെ ഒരു പ്രസ്താവന പത്രത്തിൽ വായിച്ചു. അതിൻെറ നടപടിക്രമം എവിടെ വരെയായി?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിന് നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ചേർത്തല കുട്ടനാട് താലൂക്കുകളിൽ കായലിൽ കക്കയുടെ നിക്ഷേപം വളരെക്കൂടുതലുണ്ടെന്നു് കണ്ടുപിടിക്കപ്പെട്ടുമെങ്കിൽ രണ്ടു താലൂക്കുകൾക്കും മദ്ധ്യരോഗമായ മുഹമ്മയിൽ പോലെ സിമൻറു ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: വേമ്പനാട്ടു കായലിലെ കക്ക ഇപ്പോഴും തന്നെ വളരെയധികം നമ്മൾ ഉപയോഗിച്ചു കൊണ്ടിരിക്കുകയാണു്. സിമൻറു ഫാക്ടറിക്കു വേണ്ട കക്കാ നിക്ഷേപം അവിടെ ഉണ്ടെന്നു ഗവൺമെൻറു് കരുതുന്നില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: നമ്മുടെ സംസ്ഥാനത്തു് മുന്നൂറിൽ പരം ഓട്ടു കമ്പനികളും ഉണ്ടു്. ഓട്ടു കമ്പനികളിൽ വളരെയധികം ഓടു് വേസ്റ്റായികിടക്കുന്നു. അതു വയ്ക്കാൻ തന്നെ സ്ഥലം ഇല്ലാതിരിക്കുകയാണു്. ഇതെല്ലാം ഉപയോഗിച്ചു് സുർക്കി ഉപയോഗിക്കുകയാണെങ്കിൽ സിമൻറിനെപ്പോലെതന്നെ നല്ലതായിരിക്കും. അതു് പരിശോധിച്ചു് സിമൻറു് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളും ആരായുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യം പരിശോധിച്ചു കൊണ്ടിരിക്കുന്നുണ്ടു്.

ശ്രീ. പി. കരുണാകരൻ: കണ്ണൂർ ജില്ലയ്ക്കു് മുമ്പു് അനുവദിച്ചിരുന്ന സ്റ്റീൽ യൂണിറ്റു് അവിടെ നിന്നും മാറ്റി ആലപ്പുഴയിൽ കൊണ്ടുപോയി. കഴിഞ്ഞ പ്രാവശ്യം കണ്ണൂരിലെ എല്ലാ എം. എൽ. എ. മാരും മുഖ്യമന്ത്രിയെ കണ്ടതാണു്. ഇതിനു പകരമായിട്ടെങ്കിലും ഒരു സിമൻറു ഫാക്ടറി പയ്യന്നൂരോ കണ്ണൂർ ജില്ലയിലെ മറ്റു് ഭാഗങ്ങളിലോ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യത്തിൽ വലിയ ശുഭാപ്തി വിശ്വാസിയാണു്. ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം സിമൻറു ഫാക്ടറിയുടെ കാര്യത്തിൽ എനിക്കു് തികഞ്ഞ ശുഭപ്രതീക്ഷയാണുള്ളതു്.

ശ്രീ. എ. പി. കുര്യൻ: സിമൻറു ഫാക്ടറികളും സ്ഥാപിച്ചു് പ്രവർത്തനം തുടങ്ങുന്നതിനു് കാലതാമസം വരുമെന്നു് പറഞ്ഞു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തു് സിമൻറു് ക്ഷാമം അതിരൂക്ഷമായിരിക്കുകയാണു്, പ്രത്യേകിച്ചു് ഈ കാർട്ടറിൽ. തുച്ഛമായ ശതമാനം മാത്രമേ വിതരണത്തിനു കിട്ടുന്നുള്ളൂ. അതുകൊണ്ടു് തൽക്കാലം കൂടുതൽ കോട്ട സിമൻറു കിട്ടുന്നതിനു് ശ്രമം നടത്തുന്നുണ്ടെന്നു പറഞ്ഞതിൽ വല്ല പുരോഗതിയും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനുള്ള ശ്രമം നടത്തുന്നുണ്ടു്. അതേ സംബന്ധിച്ചുള്ള കൂടുതൽ വിവരം കാളിംഗ് അറ്റൻഷൻ സമയത്തു പറയാം.

ശ്രീ. പി. ശങ്കർ: കേന്ദ്രമന്ത്രി ശ്രീ ജോർജ്ജ് ഫെർണാണ്ടസ് ഇവിടെ വന്നപ്പോൾ പറയുകയുണ്ടായി, ഉമിയിൽ നിന്നു് സിമൻറു് എടുക്കുന്നതിനുള്ള പരിപാടിയെക്കുറിച്ചു് ഗവേഷണം ചെയ്തു കൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണെന്ന്. അങ്ങനെയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ വല്ല മിനി ഇൻഡസ്ട്രീസും സ്ഥാപിക്കാൻ പരിപാടിയുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഉമിയിൽ നിന്നു സിമൻറ് എടുക്കുന്നതിനെപ്പറ്റി ഗൗരവമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് കേന്ദ്ര ഗവൺമെൻറ് ഞങ്ങളെ അറിയിച്ചിട്ടുള്ളത്. അങ്ങനെ ഒരു ടെക്നോളജി മറ്റു സംസ്ഥാനങ്ങളിൽ ഡെവലപ്പു ചെയ്തിട്ടുണ്ട്. നാം അതു പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: വളപട്ടണം കരയുടെ ഇരു കരകളിലും ധാരാളം കക്കാ നിക്ഷേപം ഉണ്ടെന്നു പറയുന്നു. അതു പരിശോധിച്ച് അവിടെയൊരു സിമൻറ് ഫാക്ടറി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതു പരിശോധിച്ചു കഴിഞ്ഞിട്ടുണ്ട്, പ്രാഥമിക റിപ്പോർട്ടു കിട്ടിയിട്ടുണ്ട്.

യൂക്കാലിപ്റ്റസിന്റെ വില

*348 [367] ശ്രീ. ഇ. കെ. പിള്ള:
,, കെ. ടി. കുമാരൻ:
,, എം. കെ. കേശവൻ:
,, റ്റി. എ. മജീദ്:
,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വികസന കോർപ്പറേഷൻ—ഒരു ടൺ യൂക്കാലിപ്റ്റസിന് എന്തു വിലയാണ് വ്യവസായികളിൽനിന്ന് ഈടാക്കുന്നത്;

(ബി) കഴിഞ്ഞ വർഷം എത്ര ടൺ യൂക്കാലിപ്റ്റസ് വ്യവസായികൾക്ക് സപ്ലൈ ചെയ്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) വനം വികസന കോർപ്പറേഷൻ യൂക്കാലിപ്റ്റസ് തടി വിപണനം ചെയ്യാൻ ആരംഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ടി. കുമാരൻ: ഗവൺമെൻറ് ഉടമയിലുള്ള ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നു നടത്തുന്ന ഇത്തരം യൂക്കാലിപ്റ്റസ് കൃഷിക്ക് എത്ര രൂപയാണ് മുടക്കുന്നതെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് കൃഷി ചെയ്യുന്ന യൂക്കാലിപ്റ്റസിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ ഏതാണ്ടിൽ ശരാശരി 60-നും 65-നും ഇടക്ക് രൂപയാണെന്നാണ് കണ

LIBRARY ARCHIVES Kerala Legislative Assembly